# തിരുവനന്തപുരം സിറ്റി പോലീസ്

## നഗരത്തിൽ ഓൺലൈൻ പണം തട്ടിപ്പ്:

നഷ്ടപ്പെട്ട 51,889/- രൂപ സൈബർ സെൽ വീണ്ടെടുത്തു.

## ഓൺലൈൻ പണമിടപാട് –

## പൊതു ജനങ്ങൾ ജാഗ്രത പാലിക്കണം

തിരുവനന്തപുരം :-നഗരത്തിൽ ഓൺലൈൻ തട്ടിപ്പിലൂടെ കാർഡുടമക്ക് നഷ്ടപ്പെട്ട 51,889 /- രൂപ സൈബർ സെല്ലിന്റെ സമയോചിതമായ ഇടപെടലിലൂടെ വീണ്ടെടുത്തതായി ഐജിപിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. ഇതുൾപ്പെടെ കഴിഞ്ഞ രണ്ടു മാസത്തിനിടെ വിവിധ ഓൺലൈൻ തട്ടിപ്പുകളിലൂടെ നഷ്ടപ്പെട്ട 2,93,231/- രൂപയാണ് തിരുവനന്തപുരം സിറ്റി സൈബർ സെൽ തിരിച്ചുപിടിച്ച് ഉടമകൾക്ക് നൽകിയത്.

**നഗരത്തിൽ ഓൺലൈൻ പണം തട്ടിപ്പ്: നഷ്ടപ്പെട്ട 51,889/- രൂപ സൈബർ സെൽ വീണ്ടെടുത്തു.**

നഗരത്തിൽ ഓൺലൈൻ തട്ടിപ്പിലൂടെ കാർഡുടമക്ക് നഷ്ടപ്പെട്ട 51,889/- രൂപ സൈബർ സെല്ലിന്റെ സമയോചിതമായ ഇടപെടലിലൂടെ വീണ്ടെടുത്തു. മണക്കാട് സ്വദേശിയായ തിരുവനന്തപുരം മെഡിക്കൽകോളേജിലെ ഡോക്ടറാണ് തട്ടിപ്പിനിരയായത്. തട്ടിപ്പു സംഘം എസ്ബിഐ ക്രഡിറ്റ് കാർഡിൽ നിന്നാണെന്ന് പറഞ്ഞാണ് ഡോക്ടറെ ഫോണിൽ ബന്ധപ്പെട്ടത്. ക്രഡിറ്റ് കാർഡ് അപ്ഡേറ്റ് ചെയ്ത് പ്ലാറ്റിനം കാർഡാക്കി കൊടുക്കാമെന്നും അതിനായി കാർഡ് നമ്പർ നൽകണമെന്നും ആവശ്യപ്പെട്ടു. നമ്പർ നൽകി അല്പസമയത്തിനു ശേഷം, അദ്ദേഹത്തിന്റെ ഫോണിൽ വന്ന ഒ റ്റി പി നമ്പറും തന്ത്രപൂർവ്വം കൈക്കലാക്കിയ സംഘം അക്കൗണ്ടിൽ നിന്നും 51889/- രൂപ തട്ടിയെടുക്കുകയായിരുന്നു. പണം നഷ്ടപ്പെട്ടയുടനെ തന്നെ ഡോക്ടർ സിറ്റി സൈബർ സെല്ലിൽ ബന്ധപ്പെട്ട് വിവരം അറിയിച്ചു. ഉടൻ തന്നെ സൈബർ സെൽ ഇടപെട്ട്, ഫ്ലിപ്കാർട്ട് വാലറ്റിലേക്ക് മാറ്റപ്പെട്ട തുക ട്രാൻസാക്ഷൻ റദ്ദാക്കി വീണ്ടെടുത്ത് നൽകുകയും ചെയ്തു. ഇതുൾപ്പെടെ കഴിഞ്ഞ രണ്ടു മാസത്തിനിടെ വിവിധ ഓൺലൈൻ തട്ടിപ്പുകളിലൂടെ നഷ്ടപ്പെട്ട 2,93,231/- രൂപയാണ് തിരുവനന്തപുരം സിറ്റി സൈബർ സെൽ തിരിച്ചുപിടിച്ച് ഉടമകൾക്ക് നൽകിയത്.